**15 –ാം കേരള നിയമസഭ**

**16 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 808** **28-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല ക്ഷേത്രത്തിലെ കൊടിമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല ക്ഷേത്രത്തിലെ കൊടിമരം പൊളിച്ചു നീക്കണമെന്ന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയത് ആരായിരുന്നു; ഇത്തരത്തിൽ കൊടിമരം പൊളിച്ചുനീക്കാൻ തീരുമാനമെടുത്ത ബോർഡ് പ്രസിഡന്റും സെക്രട്ടറിയും ആരെല്ലാമായിരുന്നു; | (എ) | ശബരിമല ക്ഷേത്രത്തിൽ 2014 ജൂൺ 18-ന് നടന്ന അഷ്ടമംഗല ദേവപ്രശ്നത്തിലാണ് കൊടിമരം മാറ്റണമെന്ന നിർദ്ദേശം ഉണ്ടായത്. ഈ കാലയളവിലെ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എം.പി.ഗോവിന്ദൻ നായരും സെക്രട്ടറി ശ്രീ.പി.ആർ.ബാലചന്ദ്രൻ നായരും ആയിരുന്നു. |
| (ബി) | കൊടിമരത്തിനു മുകളിൽ സ്ഥാപിച്ചിരുന്ന വാജി വാഹനത്തിന്റെ നിർമ്മാണത്തിന് ഉപയോഗിച്ച ലോഹം എന്തായിരുന്നു; ദേവസ്വത്തിന്റെ അമൂല്യ സ്വത്തായ വാജി വാഹനം തന്ത്രിക്ക് സ്വകാര്യ സ്വത്തായി കൊടുക്കാൻ ദേവസ്വം ബോർഡ് പ്രസിഡന്റിനോ അംഗത്തിനോ അധികാരമുണ്ടോ; | (ബി) | മാറ്റപ്പെട്ട കൊടിമരത്തിന്റെ മുകളിലുണ്ടായിരുന്ന വാജി വാഹനത്തിന്റെ ലോഹം ഏതാണെന്ന് പരിശോധിച്ചതായി രേഖകളിൽ കാണുന്നില്ല. വാജി വാഹനം തന്ത്രിയ്ക്ക് സ്വകാര്യ സ്വത്തായി കൊടുക്കാൻ ദേവസ്വം ബോർഡ് പ്രസിഡന്റിനോ അംഗത്തിനോ അധികാരമില്ല. |
| (സി) | ദേവസ്വം സ്വത്ത് അനധികൃതമായി പുറത്തേക്ക് കടത്തിയതുമായി ബന്ധപ്പെട്ട് മുൻ ദേവസ്വം ബോർഡ് പ്രസിഡന്റിനും, അംഗത്തിനുമെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നോ; | (സി) | ഇല്ല. |
| (ഡി) | വാജി വാഹനത്തിന്റെ ലോഹം എന്താണെന്ന് തന്ത്രിക്ക് കൈമാറിയതിന്റെ രേഖയിൽ നിന്നും മനപ്പൂർവ്വമായി മറച്ചുവെച്ചിട്ടുള്ളതായി പറയപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ